**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3791** **27-10-2021 - ൽ മറുപടിയ്ക്ക്**

**ജവാൻമാരുടെ ആശ്രിതർക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. വഴി ജില്ലാതല നിയമനം നേടുന്നവർ അഞ്ച് വർഷം ആ ജില്ലയിൽ തന്നെ തുടരണമെന്ന നിയമത്തിൽ ജവാൻമാരുടെ ഭാര്യമാർക്കോ മറ്റ് ആശ്രിതർക്കോ ഇളവ് നൽകി അവർ ആവശ്യപ്പെടുന്ന ജില്ലയിലേക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ സ്ഥലം മാറ്റം നൽകണമെന്ന ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | 02-12-1991 ലെ സ.ഉ.(പി)നം.36/91/ ഉഭപവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് എല്ലാ സർക്കാർ വകുപ്പുകളിലെയും ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത്. സേവനത്തിൽ ഉള്ളതോ സേവനത്തിൽ ഉള്ളപ്പോൾ മരണപ്പെട്ടതോ ആയ ജവാന്മാരുടെ ആശ്രിതർക്ക് മേൽ അഞ്ചു വർഷ നിബന്ധനയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം സ്ഥലം മാറ്റം ലഭിക്കുന്നവർക്ക് ഈ ഉത്തരവിലെ ഖണ്ഡിക 4 (ii) പ്രകാരം സീനിയോറിറ്റി സംരക്ഷണം ലഭിക്കുകയില്ല. |
| (ബി) | ഉണ്ടെങ്കിൽ ആയതിൻ പ്രകാരം എല്ലാ വകുപ്പുകളും സ്ഥലം മാറ്റം നൽകുന്നുണ്ടോ; | (ബി) | 02-12-1991 ലെ സ.ഉ.(പി)നം.36/91/ ഉഭപവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് എല്ലാ സർക്കാർ വകുപ്പുകളിലെയും ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത്. സേവനത്തിൽ ഉള്ളതോ സേവനത്തിൽ ഉള്ളപ്പോൾ മരണപ്പെട്ടതോ ആയ ജവാന്മാരുടെ ആശ്രിതർക്ക് മേൽ അഞ്ചു വർഷ നിബന്ധനയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം സ്ഥലം മാറ്റം ലഭിക്കുന്നവർക്ക് ഈ ഉത്തരവിലെ ഖണ്ഡിക 4 (ii) പ്രകാരം സീനിയോറിറ്റി സംരക്ഷണം ലഭിക്കുകയില്ല. |
| (സി) | എങ്കിൽ അപ്രകാരം സമർപ്പിച്ച അപേക്ഷ ഏതെങ്കിലും വകുപ്പ് നിരസിച്ചതായി അറിയാമോ; എങ്കിൽ കാരണം വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ